**പുറത്തെഴുത്ത് നമ്പർ ഡി1/8000/2019/ഡി.പി.ഐ**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**തിരുവനന്തപുരം, തീയതി: 09.07.2019**

സർക്കാർ ഉത്തരവ് (സാധാ) നം.2749/2019/പൊ.വി.വ, തീയതി 06/07/2019 ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു. ആർ.ടി.സി സമയബന്ധിതമായി ബന്ധപ്പെട്ട എല്ലാ കാര്യാലയങ്ങളിലും ലഭ്യമാക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താക്കൾ:

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
2. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
5. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ, തിരുവനന്തപുരം

# കേരള സർക്കാർ

## <u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ എ.എ./എ.ഒ./ എ.പി.എഫ്.ഒ. തസ്തികയിലെ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം നൽകി - ഉത്തരവാകുന്നു.

---

## പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

**സ.ഉ.(സാധാ)നം. 2749/2019/പൊ.വി.വ.** തീയതി, തിരുവനന്തപുരം 06/07/2019

---

പരാമർശം:-
1) സ.ഉ.(പി)നം. 878/2019/പൊ.വി.വ. തീയതി 06.03.2019.
2) SCERT ഡയറക്ടറുടെ 26.04.2019-ലെ കത്ത്.
3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.06.2019-ലെ ഡി1/8000/2019/ഡി.ജി.ഇ നമ്പർ കത്ത്.
4) ശ്രീ.ആർ.അനിൽകുമാർ 05.07.19 ൽ സമർപ്പിച്ച സമ്മതപത്രം.

## <u>ഉ ത്ത ര വ്</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം വയനാട് എസ്.എസ്.കെ. ജില്ലാ പ്രാജക്ട് ഓഫീസറുടെ കാര്യാലയത്തിൽ അന്യത്രസേവന വ്യവസ്ഥയിൽ അക്കൗണ്ട്സ് ഓഫീസറായി ജോലി ചെയ്തുവരുന്ന ശ്രീ.ടി.എസ്.മുരളീധരൻപിള്ളയെ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അക്കൗണ്ട്സ് ഓഫീസറായി പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. ആർ. അനിൽകുമാർ ചുമതല ഏറ്റെടുക്കാത്തതുമൂലമുള്ള ഒഴിവിൽ സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

SCERT ഡയറക്ടറുടെ പി.എ. ആയി അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കിവരുന്ന ശ്രീ.അനിൽകുമാറിന് പരാമർശം (1) ഉത്തരവ് പ്രകാരം എ.എ./എ.ഒ/എ.പി.എഫ്.ഒ. കേഡറിൽ സ്ഥാനക്കയറ്റം നൽകി ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അക്കൗണ്ട്സ് ഓഫീസറായി നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ ടിയാനെ SCERT ഡയറക്ടറുടെ പി.എ. ആയി അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം SCERT ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. ടി തസ്തികയിൽ തുടരാൻ സമ്മതമാണെന്ന് ശ്രീ.അനിൽകുമാറും, പരാമർശം (4) പ്രകാരം സമ്മതപത്രം സമർപ്പിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം എ.എ/ എ.ഒ/എ.പി.എഫ്.ഒ. കേഡറിൽ സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.അനിൽകുമാറിന് ടിയാന്റെ തൊട്ടടുത്ത ജൂനിയർ എ.എ/എ.ഒ/എ.പി.എഫ്.ഒ. കേഡറിൽ സ്ഥാനക്കയറ്റം ലഭിച്ച് ചുമതല ഏറ്റെടുക്കുന്ന തീയതി മുതൽ മാത്രമേ ടിയാന് സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിലെ

ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ SCERT ഡയറക്ടറുടെ പി.എ. ആയി അന്യത്ര സേവനത്തിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം(3)ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ എ.എ./എ.ഒ./എ.പി.എഫ്.ഒ. കേഡറിലുള്ള താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു :-

1. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. പി.എസ്. മല്ലികയെ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസറായി നിലവിലുള്ള ഒഴിവിലും
2. കൊല്ലം എസ്.എസ്.കെ. ജില്ലാ പ്രോജക്ട് ഓഫീസറുടെ കാര്യാലയത്തിൽ അന്യത്ര സേവന വ്യവസ്ഥയിൽ അക്കൗണ്ട്സ് ഓഫീസറായി ജോലി ചെയ്തുവരുന്ന ശ്രീമതി. നീന എൻ.രാജിനെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി ശ്രീമതി. പി.എസ്. മല്ലികയെ സ്ഥലംമാറ്റുന്ന ഒഴിവിലും
3. മലപ്പുറം എസ്.എസ്.കെ. ജില്ലാ പ്രാജക്ട് ഓഫീസറുടെ കാര്യാലയത്തിൽ അന്യത്ര സേവനവ്യവസ്ഥയിൽ അക്കൗണ്ട്സ് ഓഫീസറായി ജോലി ചെയ്തുവരുന്ന ശ്രീമതി. അനില മണലിയിൽ-നെ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് പ്രാവിഡന്റ് ഫണ്ട് ഓഫീസറായി നിലവിലുള്ള ഒഴിവിലും
4. കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. ബി.എസ്.റീജയെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസറായി നിലവിലുള്ള ഒഴിവിലും

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അജി ഫിലിപ്പ്**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി3/141/2019/പൊ.വി.വ.)

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ് - വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്